# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.2251 05-02-2018-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി. ബൽറാം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.പി. സജീന്ദ്രൻ | ഡോ.ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

## സർക്കാർ എടുക്കുന്ന വായ്പകൾ

| | | |
|---|---|---|
| (എ) | പൊതുവിപണിയിൽനിന്നും കടപത്രം വഴിയും മറ്റും സർക്കാർ എടുക്കുന്ന വായ്പകൾ പദ്ധതി ചെലവിന് ഉപയോഗിക്കാതെ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കാറുണ്ടോ ; | വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. വായ്പയെടുക്കുന്ന തുകയിൽ നോൺ പ്ലാൻ റവന്യു അക്കൗണ്ടിലുള്ള കമ്മി നികത്തിയതിനു ശേഷം ബാക്കിയുള്ളത് പദ്ധതി ചെലവുകൾക്കായാണ് ഉപയോഗിക്കുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുകയാണ് വായ്പയായി എടുത്തത് ; കടപത്രം വഴിയും നബാർഡിൽ നിന്നും വിദേശ വായ്പയിനത്തിലും ദേശീയ ലഘുസമ്പാദ്യ പദ്ധതിയിൽ നിന്നും കടമെടുത്ത തുക സംബന്ധിച്ച വിവരം പ്രത്യേകം പ്രത്യേകം നൽകുമോ ; | 2016-17 സാമ്പത്തിക വർഷം 29,083.54 കോടി രൂപ വായ്പയായി സർക്കാർ സമാഹരിച്ചിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 2017 നവംബർ 30 വരെയുള്ള താല്ക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ പൊതുകടം (തനി) മുഖേന 12307.01 കോടി രൂപയും സ്മാൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട് മറ്റ് സേവിംഗ്സ് സ്കീം (തനി) മുതലായ ഇനങ്ങളിലായി 8939.30 കോടി രൂപയും സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ഇനങ്ങളിലായി 2016-17 ൽ സമാഹരിച്ച തുക താഴെപ്പറയും പ്രകാരമാണ്. 2017-18 ലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ ലഭ്യമായിവരുന്നതേയുള്ളു. |

<table>
<tr><td></td><td></td><td>
<table>
<tr><th>ഇനം</th><th>2016-17 (തുക കോടിയിൽ) 24.05.16-31.03.17)</th></tr>
<tr><td>കടപ്പത്രം</td><td>14,500</td></tr>
<tr><td>നബാർഡ്</td><td>827.88</td></tr>
<tr><td>ദേശീയ ലഘുസമ്പാദ്യ പദ്ധതി</td><td>1861.22</td></tr>
<tr><td>വിദേശ സഹായ പദ്ധതികൾക്കുള്ള അധിക കേന്ദ്ര സഹായം</td><td>770.14</td></tr>
</table>
</td></tr>
<tr><td>(സി)</td><td>ഇപ്രകാരം കടമെടുത്ത തുക, മറ്റ് ആവശ്യങ്ങൾക്കായും കടം തിരിച്ചടയ്ക്കുവാൻ വേണ്ടിയും ഉപയോഗിച്ചിട്ടുണ്ടോ ;</td><td rowspan="2">വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിത നിധിയിൽ മറ്റ് വരുമാനങ്ങൾകൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക എതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. വായ്പയെടുക്കുന്ന തുകയിൽ നോൺ പ്ലാൻ റവന്യു അക്കൗണ്ടിലുള്ള കമ്മി നികത്തിയതിനുശേഷം ബാക്കിയുള്ളത് പദ്ധതി ചെലവുകൾക്കായാണ് ഉപയോഗിക്കുന്നത്. റവന്യൂ കമ്മി ഇല്ലാതാകുന്ന സാഹചര്യത്തിലേ ഈ സ്ഥിതി പൂർണ്ണമായും ഒഴിവാകൂ. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ 2016-17-ൽ 22,813.25 കോടി രൂപയും (78.44%) 2017-18 നവംബർ 30 വരെ 10,728.06 കോടി രൂപയും (50.49%) പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>കടമെടുത്ത തുകയുടെ എത്ര ശതമാനം പദ്ധതി പ്രവർത്തനങ്ങൾക്കായി 2016-17 സാമ്പത്തിക വർഷത്തിലും, 2017-18 സാമ്പത്തിക വർഷം ഡിസംബർ 31 വരെയും വിനിയോഗിച്ചു; വ്യക്തമാക്കുമോ ?</td></tr>
</table>

അക്കൗണ്ട്സ് ഓഫീസർ